കെ.എസ്.ആർ.ടി.സി.-യുടെ വരുമാനവും ചെലവും

299 (3121) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-ക്ക് വസ്തുവകകൾ, കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള മൊത്തം ആസ്തി എത്രയെന്നും മൊത്തം കടം ആർക്കെല്ലാം നൽകുവാനുണ്ടെന്നും ഇതിനായി പ്രതിമാസം മുതലിനത്തിൽ/പലിശയിനത്തിൽ എത്ര തുക നൽകി വരുന്നു എന്നും വ്യക്തമാക്കുമോ ;

(ബി) പ്രതിമാസം കെ.എസ്.ആർ.ടി.സി.യുടെ പരസ്യയിനം, വാടക, ടിക്കറ്റ് കളക്ഷൻ, മറ്റുവരുമാനങ്ങൾ ഉൾപ്പെടെയുള്ള വരുമാനമെത്ര എന്നും വിവിധ യിനങ്ങളിലെ പ്രതിമാസ ചെലവ് എത്രയെന്നും വ്യക്തമാക്കുമോ ;

(സി) കെ.എസ്.ആർ.ടി.സി. യാത്രക്കാരിൽനിന്ന് സെസ്സ് പിരിക്കാൻ തീരുമാനിച്ചത് എന്നുമുതൽ എന്നും മാസംതോറും പ്രസ്തുതയിനത്തിൽ എത്ര തുക ലഭിക്കുന്നുവെന്നും സെസ്സ് പിരിവിന്റെ പകർപ്പുകളുൾപ്പെടെ ലഭ്യമാക്കുമോ ;

(ഡി) കെ.എസ്.ആർ.ടി.സി.യുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന കെ.യു.ആർ.ടി.സി. വിഭാഗത്തിൽനിന്നും ലഭിക്കുന്ന മാസവരുമാനം എത്രയെന്നും ചെലവ് എത്രയെന്നും വ്യക്തമാക്കുമോ ;

(ഇ) കെ.യു.ആർ.ടി.സി. വിഭാഗത്തിൽനിന്നും സെസ്സ് പിരിക്കാൻ കെ.എസ്.ആർ.ടി.സി.-ക്ക് അവകാശമുണ്ടോ എന്നും അതിനായി പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ ആകെ ആസ്തിമൂല്യം 3674.13 കോടി രൂപയാണ്. 30-6-2015-ലെ കണക്ക് പ്രകാരമുള്ള കെ.എസ്.ആർ.ടി.സി.-യുടെ ആകെ വായ്പാബാധ്യത 1,760.27 കോടി രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

കെ.റ്റി.ഡി.എഫ്.സി.	1366.19 കോടി രൂപ
ഹഡ്കോ	139.76 ,,
എൽ.ഐ.സി.	65 ,,
പാലക്കാട് ജില്ലാ സഹകരണ ബാങ്ക്	180.85 ,,
കെ.എസ്.റ്റി. 133 സൊസൈറ്റി	8.47 ,,
ആകെ	1,760.27 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമെടുത്ത വായ്പകളുടെ പ്രതിമാസ തിരിച്ചടവിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

സ്ഥാപനം	മുതൽ	പലിശ
കെ.റ്റി.ഡി.എഫ്.സി.	48 കോടി രൂപ	8.50 കോടി രൂപ
ഹഡ്കോ	1.27 കോടി രൂപ	1.51 കോടി രൂപ
എൽ.ഐ.സി.	0.42 കോടി രൂപ	0.76 കോടി രൂപ
പാലക്കാട് ജില്ലാ സഹകരണ ബാങ്ക്	3.34 കോടി രൂപ	1.86 കോടി രൂപ
കെ.എസ്.റ്റി.133 സൊസൈറ്റി	0.13 കോടി രൂപ	0.08 കോടി രൂപ

എൽ.ഐ.സി.-യിൽ നിന്നുമെടുത്ത വായ്പയുടെ മുതൽ തിരിച്ചടവ് (5 കോടി രൂപ) വാർഷിക തവണകളായിട്ടാണ് നൽകേണ്ടത്. ടി വായ്പയുടെ പലിശ (ശരാശരി 4.55 കോടി രൂപ വീതം) അർദ്ധ വാർഷിക തവണകളായിട്ടാണ് നൽകേണ്ടത്. കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം നാളുകളായി കോർപ്പറേഷൻ ടി വായ്പാ തിരിച്ചടവ് നടത്തുന്നില്ല.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ പ്രതിമാസ ശരാശരി വരുമാനം 167 കോടി രൂപയും ചെലവ് 270.08 കോടി രൂപയുമാണ്. വരവും ചെലവും തമ്മിലുള്ള അന്തരം 103.08 കോടി രൂപയാണ്.

(സി) കെ.എസ്.ആർ.ടി.സി.-യിൽ സാമൂഹ്യസുരക്ഷാ സെസ്സ് ഏർപ്പെടുത്തിയ ശേഷം ഏപ്രിൽ 2015-ൽ സെസ്സ് ഇനത്തിൽ 5,15,56,827 രൂപയും മേയ് 2015-ൽ 5,80,04,163 രൂപയും ജൂൺ 2015-ൽ 5,16,74,413 രൂപയും ലഭിച്ചു. സെസ്സ് പിരിക്കാൻ തീരുമാനിച്ചുകൊണ്ടുള്ള ആക്ടിന്റെ പകർപ്പ് ഉള്ളടക്കംചെയ്യുന്നു.*

(ഡി) കെ.യു.ആർ.ടി.സി.-യുടെ 2015 ഏപ്രിൽ മാസത്തെ വരുമാനം 6,20,49,206 രൂപയും ചെലവ് 7,67,84,810 രൂപയുമാണ്. 2015 മേയ് മാസത്തെ വരുമാനം 10,79,22,053 രൂപയും ചെലവ് 7,04,35,509 രൂപയുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കെ.യു.ആർ.ടി.സി., കെ.എസ്.ആർ.ടി.സി.-യുടെ ഉപസ്ഥാപനമാകയാൽ കെ.യു.ആർ.ടി.സി. ബസ്സുകളിലെ യാത്രക്കാർക്കും സാമൂഹ്യസുരക്ഷാ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. ആയതിനാൽ കെ.യു.ആർ.ടി.സി. ബസ്സുകളിലും സെസ്സ് പിരിക്കുവാൻ കെ.എസ്.ആർ.ടി.സി.-ക്ക് അവകാശമുണ്ട്. എന്നാൽ ഇതുസംബന്ധിച്ച വ്യക്തമായ വകുപ്പുകൾ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നില്ല.

കെ.എസ്.ആർ.ടി.സി.-യിലെ ഡ്രൈവർമാരുടെ ഒഴിവുകൾ

300 (3122) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ എത്ര ഡ്രൈവർമാരുടെ ഒഴിവുകൾ ഉണ്ട് ;

(ബി) 23-8-2012-ൽ നിലവിൽ വന്ന കെ.എസ്.ആർ.ടി.സി. റിസർവ് ഡ്രൈവർമാരുടെ റാങ്ക് ലിസ്റ്റിൽനിന്ന് പി.എസ്.സി. എത്രപേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട് ; നിയമന ശിപാർശ നൽകിയ എത്ര പേർക്ക് കെ.എസ്. ആർ.ടി.സി. നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) നിയമനം നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വിശദീകരിക്കാമോ ;

(ഡി) നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഇ) നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ എം-പാനൽ ഡ്രൈവർമാർ ജോലി ചെയ്യുന്നുണ്ടോ ; എങ്കിൽ ഇത്തരം ആളുകൾക്ക് പകരം പി.എസ്.സി. ലിസ്റ്റിൽനിന്ന് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ 568 ഡ്രൈവർമാരുടെ ഒഴിവുകൾ ഉണ്ട്.

(ബി&സി) റിസർവ് ഡ്രൈവർ തസ്തികയിലേക്ക് പി.എസ്.സി. അഡ്വൈസ് ചെയ്ത ലിസ്റ്റിൽ 3974 പേർ ഉണ്ടായിരുന്നു. ഇതിൽ കെ.എസ്.ആർ.ടി.സി. 3939 പേർക്ക് നിയമനം നൽകി. 35 പേരുടെ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റുകൾ പി.എസ്.സി.-യിൽനിന്നും നാളിതുവരെ ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ അവർക്ക് നിയമനം നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly